LIBRARY ARCHIVES Kerala Legislative Assembly

രാസ അപകടങ്ങൾ നിയന്ത്രണ വിധേയമാക്കാനുള്ള സംവിധാനം

63 (5468) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ കീഴിലുള്ള കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്ററിൽ രാസ അപകടങ്ങൾ നിയന്ത്രണ വിധേയമാക്കാനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് ;

(ബി) ഈ സെന്ററിൽ വിദേശരാജ്യങ്ങളിൽ നിന്ന് ട്രെയിനിംഗ് കിട്ടിയ ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ടോ ;

(സി) രാസ അപകടങ്ങൾ നിയന്ത്രണ വിധേയമാക്കാനുള്ള എന്തൊക്കെ ട്രെയിനിംഗുകളാണ് ഈ സെന്ററിലെ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ കീഴിലുള്ള കെമിക്കൽ എമർജൻസി റസ്പോൺസ് സെന്ററിന്റെ പ്രധാന ലക്ഷ്യം ഫാക്ടറികളിൽ രാസ അപകടങ്ങൾ ഒഴിവാക്കുകയും നിയന്ത്രണവിധേയമാക്കുകയും ചെയ്യുകയാണ്. ഈ സ്ഥാപനത്തിന്റെ പ്രയോജനം കേരളത്തിൽ എല്ലാ ജില്ലകളിലും ലഭ്യമാകുന്ന വിധത്തിലുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഈ സ്ഥാപനത്തിൽ നിന്നും ഫാക്ടറി മാനേജ്മെന്റ്, സൂപ്പർവൈസർ, ട്രേഡ് യൂണിയൻ റപ്രസന്റേറ്റീവ്, പോലീസ്, ഫയർഫോഴ്സ്, റവന്യൂ, പൊതുജനങ്ങൾ തുടങ്ങി സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാവർക്കും ട്രെയിനിംഗ് കൊടുക്കാനുള്ള സംവിധാനമുണ്ട്.

(ബി) ഇല്ല.

(സി) രാസഅപകടങ്ങൾ നിയന്ത്രണവിധേയമാക്കുന്നതിനുവേണ്ടി ഡയറക്ടറേറ്റ് ജനറൽ, ഫാക്ടറി അഡ്വൈസ് സർവീസ് ആന്റ് ലേബർ ഇൻസ്റ്റിറ്റ്യൂട്ട്സ് (DGFASLI) ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ്, റീജിയണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ പരിശീലനം ഉദ്യോഗസ്ഥർക്ക് ലഭിച്ചിട്ടുണ്ട്.

പുതിയ ഐ.ആർ.സി.കൾ

64 (5469) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് എത്ര ഐ.ആർ.സി.കളാണ് നിലവിലുണ്ടായിരുന്നത് ; അവ ഏതൊക്കെ ;

(ബി) പുതുതായി ഏതൊക്കെ ഐ.ആർ.സി.-കളാണ് രൂപീകരിച്ചത് ; ഇനി ഏതെങ്കിലും മേഖലയിൽ ഐ.ആർ.സി.രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ മേഖലയിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ താഴെപ്പറയുന്ന 7 വ്യവസായ ബന്ധസമിതികളാണ് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നത്.

(1) കയർ വ്യവസായ ബന്ധ സമിതി

(2) കശുവണ്ടി വ്യവസായ ബന്ധ സമിതി

(3) കുട്ടനാട് കാർഷിക മേഖല വ്യവസായ ബന്ധ സമിതി

(4) കള്ളുചെത്ത് വ്യവസായ ബന്ധ സമിതി

(5) മോട്ടോർ ട്രാൻസ്പോർട്ട് വ്യവസായ ബന്ധ സമിതി

(6) ടെക്സ്റ്റൈൽ വ്യവസായ ബന്ധ സമിതി

(7) പ്ലാന്റേഷൻ ലേബർ കമ്മിറ്റി

(ബി) പത്രപ്രവർത്തന മേഖല, ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ് (BEML) പദ്ധതി മേഖല എന്നീ വ്യവസായ ബന്ധ സമിതികളാണ് പുതുതായി രൂപീകരിച്ചത്. വൈറ്റിൻ വല്ലാർപാടം മേഖലയിലെ എൽ.എൻ.ജി. ടെർമിനൽ, ഇൻഫർമേഷൻ ടെക്നോളജി എന്നീ മേഖലകളിൽ വ്യവസായ ബന്ധ സമിതി രൂപീകരിക്കുന്ന കാര്യവും ഓടു വ്യവസായ ബന്ധ സമിതി പുനഃസംഘടിപ്പിക്കണമെന്ന ആവശ്യവും പരിഗണിച്ചു വരുന്നു.

വിദേശ രാജ്യങ്ങളിലേക്ക് ജോലിക്ക് ആവശ്യമായ ടി.ഒ.എഫ്.ഇ.എൽ/ ഐ.ഇ.എൽ.ടി.എസ്. ടെസ്റ്റുകളുടെ പരിശീലനം

65 (5470) ശ്രീ. തോമസ് ഉണ്ണിയാടൻ :
പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിലേക്ക് ജോലിക്ക് ആവശ്യമായ ടി.ഒ.എഫ്.ഇ.എൽ./ ഐ.ഇ.എൽ.ടി.എസ്. മുതലായ ടെസ്റ്റുകളുടെ പരിശീലനത്തിനായി സർക്കാർ എന്തെങ്കിലും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ ടെസ്റ്റുകൾക്കുള്ള പരിശീലന ക്ലാസ്സുകൾ തുടങ്ങുന്നതിന് സർക്കാർ മുൻകൈ എടുക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly